"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 18-12-2020

**സർക്കുലർ നം 96**

ജയിൽ വകുപ്പിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങളിലെല്ലാം വ്യത്യസ്ത ഘന മീറ്റർ ധാരിതയുള്ള ബയോ ഗ്യാസ് ഡൈജെസ്റ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിൽ സ്ഥിരമായി അവ പണികഴിപ്പിക്കുന്നതിന് സ്ഥല സൌകര്യമില്ലാത്തതിനാൽ സ്ഥാപിക്കാൻ സാധിച്ചിട്ടില്ല. ജൈവ മാലിന്യങ്ങളുടെ സംസ്കരണം നമ്മുടെ സ്ഥാപനങ്ങളിൽ വലിയ വെല്ലുവിളി ഉയർത്തുന്നുണ്ട്. അനുകരണീയവും മാതൃകാപരവുമായ മാർഗ്ഗങ്ങൾ ഉപയോഗിച്ച് മാലിന്യ നിർമ്മാർജനം നിർവ്വഹിക്കേണ്ടത് നമ്മുടെ സാമൂഹിക ബാധ്യതയാണ്. മുണ്ടേർ IRTC 4 ഘന മീറ്റർ ധാരിതയുള്ള പോർട്ടബിൾ ബയോ ഗ്യാസ് ഡൈജെസ്റ്റർ നിർമ്മിച്ച് സ്ഥാപിക്കുന്നതായി പാലക്കാട് ജില്ലാ ജയിൽ സൂപ്രണ്ട് ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. ചെറിയ ജയിൽ സ്ഥാപനങ്ങളിൽ ഇവ അനുയോജ്യമാണെന്നാണ് കരുതേണ്ടത്.

1. മാലിന്യ നിർമ്മാർജന സംവിധാനമില്ലാത്ത ജയിൽ സ്ഥാപനങ്ങൾ IRTC യുമായി ബന്ധപ്പെട്ട് പോർട്ടബിൾ ബയോ ഗ്യാസ് ഡൈജെസ്റ്റർ സ്ഥാപിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. പ്രാദേശിക ഭരണകൂടങ്ങളും ശുചിത്വ മിഷനുമായി ബന്ധപ്പെട്ട് അവരുടെ പദ്ധതികൾ ഉപയോഗപ്പെടുത്തി മാലിന്യ നിർമ്മാർജന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്ഥാപന മേധാവികൾ സ്വീകരിക്കേണ്ടതാണ്.
3. ബയോ ഗ്യാസ് പ്ലാൻ്റുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ അവയുടെ അറ്റകുറ്റപ്പണികൾ ആവശ്യമെങ്കിൽ നടത്തിയും പ്രവർത്തനം വിലയിരുത്തിയും ബയോ ഗ്യാസ് ഉൽപാദിപ്പിച്ച് ഉപയോഗിക്കുന്നതിൻ്റെ കണക്ക് കൃത്യമായി രേഖപ്പെടുത്തിയും പ്രവർത്തനക്ഷമത വർദ്ധിപ്പിച്ചും അവ പ്രയോജനപ്പെടുത്തേണ്ടതാണ്.

സർക്കുലറിൽ പ്രതിപാദിച്ച വിഷയത്തിൻമേൽ സ്വീകരിച്ച നടപടികൾ രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് ചെയ്യാൻ എല്ലാ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകുന്നു. പോർട്ടബിൾ ബയോ ഗ്യാസ് ഡൈജെസ്റ്റർ സംബന്ധിച്ച്പാലക്കാട് ജില്ലാ ജയിൽ സൂപ്രണ്ടിൻ്റെ ഉപദേശം തേടാവുന്നതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ഡി.ഐ.ജി ഓഫ് പ്രിസൺസ്
ദക്ഷിണ മേഖല / മദ്ധ്യ മേഖല / ഉത്തര മേഖല
എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

DGP-29598/2020/PrHQ
77b4ce

DGP-29598/2020/PrHQ
77b4ce